"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ മൊറയൂർ വില്ലേജിലെ റീസർവ്വെ നം.204/6 -ൽപ്പെട്ട പാറ പുറമ്പോക്ക് (തോട്ടേരിപ്പാറ) ഭൂമിയിൽ വീട് വെച്ച് താമസിച്ചു വരുന്ന ശ്രീ.ഷൈജു ചെമ്പൻ (late) എന്നയാളുടെ ഭാര്യ ശ്രീമതി.രഞ്ജിഷ കെ. എന്നവർക്ക് 1964 ലെ കേരള ഭൂമി പതിച്ചു നല്കൽ ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിന്റെ സവിശേഷ അധികാരം വിനിയോഗിച്ച് പട്ടയം അനുവദിക്കുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.240/2026/RD തീയതി,തിരുവനന്തപുരം, 06-08-2026

---

പരാമർശം:-

1. 22.02.2025-ലെ സ.ഉ.(കൈ)നം.53/2025/റവ നമ്പർ ഉത്തരവ്
2. മലപ്പുറം ജില്ലാ കളക്ടറുടെ 27.02.2025-ലെ DCMPM/5962/ 2023-C2 നമ്പർ കത്ത്
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 17.03.2025-ലെ LR/5331/ 2023-LR-PM-2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ മൊറയൂർ വില്ലേജിലെ റീസർവ്വെ നം.94/2-ൽപ്പെട്ട ഇരുമ്പനങ്ങോട്ടു പാറ, റീസർവ്വെ നം.204/6-ൽപ്പെട്ട തോട്ടേരിപ്പാറ എന്നീ പുറമ്പോക്കിൽ ദീർഘകാലമായി താമസിച്ചു വരുന്ന 24 കൈവശക്കാരിൽ 23 കൈവശക്കാർക്ക് 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് പട്ടയം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. ശ്രീ.ഷൈജു ചെമ്പൻ എന്നയാൾ മരണപ്പെട്ടതിനാലും, ടിയാന്റെ കുടുംബം ടി വീട്ടിൽ താമസമില്ലാത്തതിനാലും, വീട് അടച്ചിട്ട നിലയിലായതിനാലും, ശ്രീ.ഷൈജു ചെമ്പൻ എന്നവരുടെ അപേക്ഷ ലഭ്യമായിട്ടില്ലാത്തതിനാലുമാണ് ടിയാൻ ഒഴികെയുള്ള 23 പേർക്ക് പട്ടയം അനുവദിച്ച് ഉത്തരവായിട്ടുള്ളതെന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. മരണപ്പെട്ട ശ്രീ.ഷൈജു ചെമ്പൻ എന്നവരുടെ ഭാര്യ ശ്രീമതി.രഞ്ജിഷ കെ., മൊറയൂർ വില്ലേജ് ബ്ലോക്ക് 56 റീസർവ്വെ നം.204/6 -ൽപ്പെട്ട 0.0270 ഹെക്ടർ പാറ പുറമ്പോക്ക് (തോട്ടേരിപ്പാറ) ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നതും, മരണപ്പെട്ട ശ്രീ.ഷൈജു ചെമ്പൻ എന്നയാളും കുടുംബവും 2020 മുതലാണ് പ്രസ്തുത സ്ഥലത്ത് വീട് വെച്ച് താമസിച്ചു വരുന്നതെന്നും ശ്രീ.ഷൈജു ചെമ്പൻ (late) എന്നയാളുടെ പിതാവിന്റെ പേരിൽ തീര് വിറ്റത് കഴിച്ച് ബാക്കി 0.0608

ഹെക്ടർ ഭൂമിക്ക് ടിയാനടക്കം 11 അവകാശികളുണ്ടെന്നും അപേക്ഷക ശ്രീമതി.രഞ്ജിഷ കെ. എന്നവരുടെ പിതാവിന്റെ പേരിൽ നെടിയിരുപ്പ് വില്ലേജിൽ 5 സെന്റ് ഭൂമി ഉള്ളതായും ആയതിന് 5 അവകാശികൾ ഉള്ളതുമാണെന്നും, മൊറയൂർ വില്ലേജ് ബ്ലോക്ക് 56 റീസർവ്വെ നം.204/6 -ൽപ്പെട്ട 0.0270 ഹെക്ടർ പാറ പുറമ്പോക്ക് (തോട്ടേരിരപ്പാറ) ഭൂമിയിൽ വീട് വെച്ച് താമസിച്ച് വരുന്ന ശ്രീ.ഷൈജു ചെമ്പൻ (late) എന്നയാളുടെ ഭാര്യ ശ്രീമതി.രഞ്ജിഷ കെ. എന്നവരുടെ അപേക്ഷ കൂടി പരിഗണിച്ച് പട്ടയം അനുവദിക്കണമെന്നും പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

4. 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11 (2) (viii)-ൽ വിലയേറിയ ധാതുക്കളോ ഖനികളോ അടങ്ങിയിട്ടുള്ളതോ, അടങ്ങിയിട്ടുണ്ടെന്ന് വിശ്വസിക്കപ്പെടുന്നതോ ആയ ഭൂമികൾ പൊതു ആവശ്യത്തിനായി നീക്കി വയ്ക്കേണ്ട ഭൂമികളാണെന്നും, അത്തരം ഭൂമികൾ പതിവിന് വിധേയമല്ലാത്തതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിലെ ചില ഭാഗങ്ങളിൽ കരിങ്കല്ലിന്റെ നിക്ഷേപം ഉണ്ടെങ്കിലും ടി സ്ഥലത്തിന് സമീപത്തായി വീടുകൾ, പൊതു റോഡുകൾ എന്നിവ സ്ഥിതി ചെയ്യുന്നതിനാൽ പ്രസ്തുത സ്ഥലം ഖനനത്തിന് അനുയോജ്യമല്ലാത്തതാണെന്നും, ടി ഭൂമികളിലെ ധാതുക്കളുടെ അവകാശം പൂർണ്ണമായും സർക്കാരിൽ നിലനിർത്തി അപേക്ഷകർക്ക് പട്ടയം അനുവദിക്കുന്നതിന് ആക്ഷേപമില്ലായെന്നും ജിയോളജിസ്റ്റ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ മൊറയൂർ വില്ലേജ് ബ്ലോക്ക് 56 റീസർവ്വെ നം. 204/6 -ൽപ്പെട്ട 0.0270 ഹെക്ടർ പാറ പുറമ്പോക്ക് (തോട്ടേരിപ്പാറ) ഭൂമിയിൽ വീട് വെച്ച് താമസിച്ച് വരുന്ന ശ്രീ.ഷൈജു ചെമ്പൻ (late) എന്നയാളുടെ ഭാര്യ ശ്രീമതി.രഞ്ജിഷ കെ എന്നവർക്ക്, പ്രസ്തുത ഭൂമിയിലെ ധാതുക്കളുടെ പൂർണ്ണമായ അവകാശം സർക്കാരിനായിരിക്കും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം 24 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷ അധികാരം വിനിയോഗിച്ച് പട്ടയം അനുവദിക്കുന്നതിന് ജില്ലകളക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ മലപ്പുറം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷിബു എ ഐ എ എസ്

അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ആഡിറ്റ്), കേരള, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

പൊതുഭരണ (എസ്.സി) വകുപ്പ് (05.08.2026-ലെ ഇനം നം.109)

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ശ്രീമതി.രഞ്ജിഷ കെ., W/o ഷൈജു (Late),തോട്ടേരിപ്പാറ (H), അരിമ്പ്ര (പി.ഒ), മൊറയൂർ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (REV-L1/264/2025-REV)

ഉത്തരവിൻ പ്രകാരം

Digitally signed by
Praneesh M P
Date: 07-08-2026
11:26:23

സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u>
ബഹു. റവന്യു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യു വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
റവന്യു വകപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എക്ക്